മാതൃഭൂമി
21 August 2019

# മണ്ണില്ലാതെയും കൃഷി; നടീൽ മിശ്രിതം റെഡി

## 10 കിലോ പാക്കറ്റിന് 125 രൂപ, ഒരു ചെടി  നടാൻ ഒരു പാക്കറ്റ്

കൊച്ചി ▸ കൃഷിചെയ്യാൻ ഗുണമേൻമയുള്ള മണ്ണ് ലഭ്യമല്ലാത്തവർ വിഷമിക്കേണ്ട, മണ്ണില്ലാ നടീൽ മിശ്രിതം റെഡി. എറണാകുളം ജില്ലാ കൃഷിവിജ്ഞാന കേന്ദ്രം വികസിപ്പിച്ചെടുത്ത് നിർമിച്ച് നൽകുന്ന മിശ്രിതം ഇനിമുതൽ ദിവസേന ലഭ്യമാകും.

മണ്ണിനു പകരമായി ഉപയോഗിക്കാവുന്ന പോഷക സമ്പുഷ്ടമായ നടീൽ  മിശ്രിതമാണിത്.

പഞ്ചസാര നിർമാണത്തിൻെറ ഉപോത്പന്നമായി ലഭിക്കുന്ന പ്രെസ്സ് മഡ് ജൈവിക വിഘടനം നടത്തി ചെടികൾക്ക് ആവശ്യമായ ജൈവ വളങ്ങളും ചേർത്താണ് ഈ മിശ്രിതം തയ്യാറാക്കിയിരിക്കുന്നത്.

പത്തു കിലോ പാക്കറ്റുകളിൽ സി.എം.എഫ്.ആർ.ഐ.യിലുള്ള കെ.വി.കെ.  വിപണന കേന്ദ്രത്തിൽ നിന്ന് എല്ലാ പ്രവൃത്തിദിനങ്ങളിലും ലഭിക്കും. ഒരു പാക്കറ്റിന് 125 രൂപയാണ് വില. ഒരു ചെടി നടാൻ പത്ത് കിലോഗ്രാം മിശ്രിതമാണ് വേണ്ടത്. ഈ പാക്കറ്റുകളിൽ നേരിട്ട് ചെടികൾ നടാമെന്നതിനാൽ പ്രത്യേകം ഗ്രോ ബാഗ് വേണമെന്നില്ല. ഗ്രോബാഗുകളിലും ചട്ടികളിലും മറ്റും  കൃഷി ചെയ്യാനും ഈ മിശ്രിതമുപയോഗിക്കാം. മണ്ണില്ലാ നടീൽ മിശ്രിതം നിർമിക്കാൻ താത്പര്യമുള്ളവർക്കായി സംരംഭകത്വ വികസന പരിപാടിയും കെ.വി.കെ. നടത്തുന്നുണ്ട്. വിവരങ്ങൾക്ക് : 8281757450.